പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം.343

18.10.2016-ൽ മറുപടിയ്ക്ക്

## റിസ്ക് ഫണ്ട് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.എം.ഉമ്മർ<br>ഡോ.എം. കെ. മുനീർ | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) സഹകരണ മേഖലയിൽ നടപ്പാക്കിയ റിസ്ക് ഫണ്ട് പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) വിലയിരുത്തിയിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയിൽ ചേരാത്ത സഹകരണ സംഘങ്ങളുടെ കാര്യത്തിൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) റിസ്ക് ഫണ്ട് പദ്ധതി ബാധകമായതും എന്നാൽ ടി പദ്ധതിയിൽ ചേരാത്തതുമായ സഹകരണ സംഘങ്ങൾക്ക് സ്റ്റാറ്റ്യൂട്ടറി നോട്ടീസ് നൽകുകയും പദ്ധതിയിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള സഹകരണ നിയമത്തിലെ വകുപ്പ് 57 (ഡി) പ്രകാരം റിസ്ക് ഫണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് വ്യവസ്ഥ ഉൾപ്പെടുത്തുകയും, റിസ്ക് ഫണ്ട് പദ്ധതി ബാധകമായ സഹകരണ സംഘങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ ചേരേണ്ടതാണെന്നും, റിസ്ക് ഫണ്ട് പദ്ധിതിയിൽ ചേരുന്നതിൽ വീഴ്ചയുണ്ടായാൽ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും, വായ്പ നൽകുന്നതിൽ നിന്നും പ്രസ്തുത സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിലക്ക് കൽപ്പിച്ച് ഉത്തരവ് നൽകാൻ സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരമുണ്ടെന്നും കേരള സഹകരണ നിയമത്തിൽ വ്യവസ്ഥ ഉൾപ്പെടുത്തി മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) ലോണെടുത്ത അംഗത്തിൽ നിന്നും റിസ്ക് ഫണ്ട് പിടിച്ചിട്ടും അത് അടയ്ക്കാത്തതുകൊണ്ട് ആനുകൂല്യം | (സി) ലോണെടുത്ത അംഗത്തിൽ നിന്നും റിസ്ക് ഫണ്ട് പ്രീമിയം പിടിച്ചിട്ടും ടി തുക പദ്ധതി നടപ്പാക്കുന്ന കേരള സഹകരണ വികസന |

നിഷേധിക്കുന്ന അവസ്ഥയുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ അക്കാര്യത്തിൽ അംഗത്തിന്റെ അവകാശ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ?

ക്ഷേമനിധി ബോർഡിലേക്ക് അടക്കാത്തതു കാരണം ആനുകൂല്യം നിഷേധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ട്. വായ്പക്കാരന്റേതല്ലാത്ത കാരണത്താൽ യാതൊരു കാരണവശാലും വായ്പക്കാർക്ക് ലഭിക്കേണ്ട റിസ്ക് ഫണ്ട് ആനുകൂല്യം നിഷേധിക്കാൻ പാടില്ല എന്നതാണ് സർക്കാർ നിലപാട്. ലോണെടുക്കുന്ന അംഗങ്ങളുടെ അവകാശ സംരക്ഷണത്തിനായി റിസ്ക് ഫണ്ട് നിയമാവലി ഭേദഗതി ചെയ്യുകയും, സംഘത്തിന്റെ ഭാഗത്തു നിന്നുണ്ടാകുന്ന വീഴ്ച കാരണം അർഹതപ്പെട്ട റിസ്ക് ഫണ്ട് ആനുകൂല്യം വായ്പക്കാരന് നഷ്ടപ്പെട്ടാൽ ബന്ധപ്പെട്ട സഹകരണ സംഘത്തിന്റെ ഭരണസമിതിയും ചീഫ് എക്സിക്യൂട്ടീവും ഉത്തരവാദിയായിരിക്കുന്നതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ